REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് ഇന്ന്. വോട്ടെടുപ്പ് രാവിലെ ആരംഭിക്കും. വോട്ടെണ്ണൽ വൈകിട്ട്.**
- **വ്യവസായ രംഗത്ത് കേരളം മുന്നേറുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **അധ്യാപക നിയമനത്തിന് ടെറ്റ് നിർബന്ധമാക്കിയ സുപ്രീംകോടതി ഉത്തരവിനെതിരെ പുനഃപരിശോധനാ ഹർജി നൽകുമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **സംസ്ഥാന ഗവൺമെന്റിന്റെ ഓണം വാരാഘോഷത്തിന് തിരുവനന്തപുരത്ത് ഇന്ന് സമാപനം.**
- **പ്രസിദ്ധമായ ആറന്മുള ഉത്രട്ടാതി ജലമേള ഉച്ചയ്ക്ക്.**
- **ഏഷ്യാ കപ്പ് ട്വന്റി 20 ക്രിക്കറ്റ് മത്സരങ്ങൾക്ക് അബുദാബിയിൽ രാത്രി എട്ടിന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് ഇന്ന്. രാവിലെ പത്തിന് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകിട്ട് അഞ്ച് വരെ തുടരും. ന്യൂഡൽഹിയിലെ പുതിയ പാർലമെന്റ് മന്ദിരത്തിലെ ആദ്യ ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പാണിത്. NDA സ്ഥാനാർത്ഥി മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണനാണ് - INDI ബ്ലോക്കിന്റെ സ്ഥാനാർത്ഥി മുൻസുപ്രീംകോടതി ജഡ്ജി B സുദർശൻ റെഡ്ഡിയും.

പാർലമെന്റിന്റെ ഇരു സഭകളിലേയും 781 MP മാരടങ്ങുന്ന ഇലക്ടറൽ കോളജാണ് ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. 391 വോട്ട് നേടുന്നയാൾ വിജയിക്കും. രഹസ്യ ബാലറ്റിലൂടെയാണ് തെരഞ്ഞെടുപ്പ്. വൈകിട്ട് ആറിന് വോട്ടെണ്ണൽ ആരംഭിക്കും.

CP രാധാകൃഷ്ണന്റെ സ്ഥാനാർത്ഥിത്വം രാജ്യവ്യാപകമായ താൽപര്യം വളർത്തിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. രാധാകൃഷ്ണൻ മികച്ച ഉപരാഷ്ട്രപതി ആയി മാറുമെന്നും അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകളും ബുദ്ധിശക്തിയും പദവിക്ക് അലങ്കാരമായി മാറുമെന്നും പ്രധാനമന്ത്രി വിലയിരുത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രളയബാധിതമായ ഹിമാചൽ പ്രദേശും, പഞ്ചാബും സന്ദർശിക്കും. ഉച്ചകഴിഞ്ഞ് ഹിമാചൽ പ്രദേശിലെ ധർമ്മശാലയിൽ എത്തുന്ന പ്രധാനമന്ത്രി ഉന്നതതല അവലോകന യോഗത്തിൽ പങ്കെടുക്കും.

ഹിമാചൽ പ്രദേശിലെ വെള്ളപ്പൊക്ക-മണ്ണിടിച്ചിൽ ബാധിത മേഖലയിൽ പ്രധാനമന്ത്രി വ്യോമ നിരീക്ഷണവും നടത്തും.

✪✪✪

ജറുസലേമിൽ സിവിലിയൻമാർക്കെതിരെ ഉണ്ടായ ഹീനമായ ഭീകരാക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി നിശിതമായി അപലപിച്ചു. ഏതു തരം ഭീകരവാദത്തേയും ഇന്ത്യ അംഗീകരിക്കില്ലെന്നും ഭീകരതയ്ക്ക് നേരെ സഹിഷ്ണുത പുലർത്തില്ലെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമ പോസ്റ്റിൽ വ്യക്തമാക്കി.

✪✪✪

GST പരിഷ്കരണം നടപ്പിലാകാൻ ഇനി രണ്ടാഴ്ചയിൽ താഴെ മാത്രം സമയം. ഗവൺമെന്റിന്റെ പൗരകേന്ദ്രീകൃതമായ GST പരിഷ്കരണം നിത്യോപയോഗ സാധനങ്ങളുടേയും അവശ്യ വസ്തുക്കളുടേയും വില ഗണ്യമായി കുറയ്ക്കുമെന്നാണ് വിലയിരുത്തൽ. ഹെയർ ഓയിൽ, ഷാമ്പു, ഷേവിംഗ് ക്രീം, ടൂത്ത് പേസ്റ്റ്, ടാൽകം പൗഡർ എന്നിവയ്ക്ക് GST അഞ്ച് ശതമാനമായി കുറച്ചത് സാധാരണക്കാർക്ക് ആശ്വാസമായി മാറും. കോസ്മെറ്റിക് മേഖലയുടെ വികസനത്തിനും നടപടി വഴിയൊരുക്കുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം.

✪✪✪

അസാധ്യമെന്ന് കരുതിയ വികസനമാണ് സംസ്ഥാനത്ത് LDF ഗവൺമെന്റ് നടപ്പാക്കിയതെന്ന്  മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പാലക്കാട്, കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഫോറം സംഘടിപ്പിച്ച വ്യവസായ ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വ്യവസായം തുടങ്ങാൻ അനുയോജ്യമായ നാടായി കേരളം മാറിയെന്നും, ഈ രംഗത്ത് വളരെ മുന്നേറാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ കേരളത്തിന്റെ നേട്ടങ്ങളെ താഴ്ത്തി കാണിക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് ആൻഡ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടവും മുഖ്യമന്ത്രി ഉദ്ഘാടനം  ചെയ്തു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഈ വർഷത്തെ ഓണം വാരാഘോഷത്തിന് തിരുവനന്തപുരത്ത് ഇന്ന് സമാപനം.

വൈകിട്ട് സാംസ്കാരിക ഘോഷയാത്ര മാനവീയം വീഥിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും.

തിരുവനന്തപുരത്ത് നിന്ന് രെജു കൊലിയക്കോട്...

..........വോയ്സ്.....

ഓണം വാരാഘോഷത്തിന് സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര ഇന്ന് വൈകുന്നേരം 4 മണിക്ക് വെള്ളയമ്പലത്തു നിന്നും ആരംഭിച്ച് കിഴക്കേകോട്ടയിൽ അവസാനിക്കും.

ആയിരത്തിലധികം കലാകാരന്മാർ അവതരിപ്പിക്കുന്ന സാംസ്കാരിക കലാരൂപങ്ങളുടെ അകമ്പടിയോടെ അറുപതോളം ഫ്ളോട്ടുകളും ഘോഷയാത്രയിൽ അണിനിരക്കും. ഹരിത ചട്ടം പാലിച്ചുകൊണ്ടാവും ഫ്ലോട്ടുകൾ അണിനിരക്കുക. വാദ്യോപകരണമായ കൊമ്പ്,  മന്ത്രി പി.എ. മുഹമ്മദ് റിയാസ് മുഖ്യ കലാകാരന് കൈമാറിക്കൊണ്ട് സാംസ്കാരിക ഘോഷയാത്രയുടെ താളമേളങ്ങൾക്ക് തുടക്കം കുറിക്കും.

തൊണ്ണൂറ്റിയൊന്ന് ദൃശ്യ- ശ്രവ്യകലാരൂപങ്ങളും ഇന്ത്യൻ ആർമിയുടെ ബാന്റ് സംഘവും ഘോഷയാത്രയ്ക്ക് മാറ്റ് കൂട്ടും.

ജാർഖണ്ഡ്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഗ്രാമീണ കലാ രൂപങ്ങളും ഘോഷ യാത്രയിൽ ഒത്തു ചേരും.

ഇന്ന് ഉച്ചയ്ക്ക് ശേഷം നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടെങ്കിലും പൊതു ജനങ്ങൾക്ക് ഘോഷയാത്ര വീക്ഷിക്കുന്നതിനു പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ട്.

✪✪✪

ഓണം വാരാഘോഷ സമാപനത്തോടനുബന്ധിച്ച് നഗരത്തിൽ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിനാൽ തിരുവനന്തപുരം നഗരത്തിലെ CBSE - ICSE സ്കൂളുകൾ അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി നൽകി. നഗരത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും ഉച്ചക്ക് ശേഷം അവധി ആയിരിക്കും.

✪✪✪

ഇടുക്കി ജില്ലയിലെ ഓണം, ടൂറിസം വാരാഘോഷം ഓണവില്ല് 2025 ഇന്ന് സമാപിക്കും. ഉച്ച കഴിഞ്ഞ് ചെറുതോണിയിൽ നിന്ന് സമാപന ഘോഷയാത്ര ആരംഭിക്കും. മന്ത്രി റോഷി അഗസ്റ്റിൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

മലപ്പുറത്തെ ഓണാഘോഷങ്ങളും ഇന്ന് സമാപിക്കും. വൈകിട്ട് കോട്ടക്കുന്നിൽ സംഗീതപരിപാടിയോടെയാണ് ആഘോഷങ്ങളുടെ സമാപനം.

കണ്ണൂർ ടൗൺ സ്ക്വയറിലെ ഓണാഘോഷ പരിപാടികളും വൈകിട്ട് സമാപിക്കും. ഇന്ന് കേരള മഹിള സമഖ്യയുടെ കലാരൂപങ്ങളും, ഡാൻസ് നൈറ്റും , മ്യൂസിക്കൽ ഷോയും ഉണ്ടായിരിക്കും.

✪✪✪

പുലികളിയോടെ തൃശൂരിലെ ഓണാഘോഷങ്ങൾക്ക് സമാപനമായി. തൃശൂർ കോർപ്പറേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പുലികളിയിൽ ഒമ്പത് ദേശങ്ങളിലെ സംഘങ്ങളാണ് സ്വരാജ് റൗണ്ടിൽ അണിനിരന്നത്.

✪✪✪

കസ്റ്റഡി മർദ്ദനങ്ങളിൽ മുഖ്യമന്ത്രിയുടെ മൗനം ദുരൂഹമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ തിരുവനന്തപുരത്ത് വാർത്താകുറിപ്പിൽ ആരോപിച്ചു. ഏതാനും പൊലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തതുകൊണ്ട് കാര്യമില്ലെന്നും, ഇത്തരം ക്രിമിനലുകളെ സർവീസിൽ നിന്ന് പുറത്താക്കുന്നതുവരെ സമരം തുടരുമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

✪✪✪

അധ്യാപക നിയമനത്തിൽ ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് - ടെറ്റ് നിർബന്ധമാക്കിയ സുപ്രീംകോടതി വിധിയിൽ സംസ്ഥാന ഗവൺമെന്റ് പുനഃപരിശോധനാ ഹർജി നൽകുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. സർവീസിലിരിക്കുന്ന അധ്യാപകർക്കും വിധി ബാധകമാക്കിയത് വിദ്യാഭ്യാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്നതാണെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. അധ്യാപകരുടെ പ്രൊമോഷന് ടെറ്റ് യോഗ്യത നിർബന്ധമാക്കിയതും രണ്ട് വർഷത്തിനകം യോഗ്യത നേടാനായില്ലെങ്കിൽ നിർബന്ധിത വിരമിക്കലിന് വിധേയരാകേണ്ടി വരുന്നതും പ്രതിസന്ധിക്ക് കാരണമാകുമെന്നും ശിവൻകുട്ടി വിലയിരുത്തി.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഇതുവരെ അഞ്ച് പേർ മരിക്കുകയും, 14 പേർക്ക് രോഗം സ്ഥിരീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ ജാഗ്രത തുടരുകയാണ്. രണ്ട് പേർക്ക് കിണർ വെള്ളത്തിൽ നിന്നാണ് രോഗബാധയുണ്ടായത്. പൊതു ജലാശയങ്ങളും, വെള്ളം കെട്ടിക്കിടക്കുന്ന ഇടങ്ങളും ഉപയോഗിക്കുമ്പോൾ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി. സംസ്ഥാനത്ത് 25 ഓളം പേർ അമീബിക് രോഗം ബാധിച്ച് ചികിത്സയിലാണ്.

✪✪✪

ചരിത്ര പ്രസിദ്ധമായ ആറന്മുള ഉത്രട്ടാതി ജലമേള ഇന്ന്. ഉച്ചക്ക് ഒന്നരയോടെ മന്ത്രി വീണാ ജോർജ് ജലമേള ഉദ്ഘാടനം ചെയ്യും.

A,B ബാച്ചുകളിലായി 51 പള്ളിയോടങ്ങൾ പങ്കെടുക്കും. മത്സരവള്ളം കളിയിൽ 50 പള്ളിയോടങ്ങളും പങ്കു ചേരും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ..

.....വോയ്സ്........

ആറന്മുള ഉതൃട്ടാതി ജലമേളയോടനുബന്ധിച്ച് രാവിലെ 9 ന് ആറന്മുള ക്ഷേത്ര ശ്രീകോവിലിൽ നിന്ന് കൊളുത്തിയ ദീപം ഘോഷയാത്രയായി സത്രം പവലിയനിലെത്തിക്കും. തുടർന്ന് 10 ന് പത്തനംതിട്ട ജില്ലാ കളക്ടർ പ്രേം കൃഷ്ണൻ പതാക ഉയർത്തും. ഉച്ചക്ക് ഒരു മണിക്ക് പള്ളിയോടങ്ങൾ ക്ഷേത്രക്കടവിലെത്തി പൂമാലയും ചന്ദനവും സ്വീകരിച്ച ശേഷം ഫിനിഷിങ് പോയന്റായ സത്രക്കടവിൽ അണിനിരക്കും. പൊതുസമ്മേളനം റവന്യു വകുപ്പ് മന്ത്രി കെ രാജനും 1. 30 ന് ജല ഘോഷയാത്ര മന്ത്രി വീണാ ജോർജും ഉത്ഘാടന നിർവ്വഹിക്കും. മന്ത്രി സജീ ചെറിയാൻ ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തും. 3 ന് ആരംഭിക്കുന്ന മത്സര വള്ളംകളിയുടെ ഉദ്ഘാടനം മന്ത്രി റോഷി

അഗസ്റ്റിൻ നിർവ്വഹിക്കും. പള്ളിയോട സേവാസംഘം പ്രസിഡന്റ് കെ.വി സാംബദേവന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര താരം ജയസൂര്യ പാഞ്ചജന്യം 2025 സ്മരണികയുടെ പ്രകാശന കർമ്മം നിർവ്വഹിക്കും.

ഇരുപത്തി രണ്ട് എവർ റോളിങ് ട്രോഫികളാണ് വിവിധ വിഭാഗങ്ങളിൽ മികവ് പുലർത്തുന്ന പള്ളിയോടങ്ങൾക്ക് വിതരണം ചെയ്യുന്നത്.

✪✪✪

വള്ളംകളിയോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിലെ ഗവൺമെന്റ് ഓഫീസുകൾക്കും അങ്കണവാടി, പ്രൊഫഷണൽ കോളജ് എന്നിവയടക്കം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് പ്രാദേശിക അവധി ആയിരിക്കുമെന്ന് ജില്ലാ കലക്ടർ S പ്രേം കൃഷ്ണൻ അറിയിച്ചു.

മുൻ നിശ്ചയിച്ച പൊതു പരീക്ഷകൾക്കും യൂണിവേഴ്സിറ്റി പരീക്ഷകൾക്കും അവധി ബാധകമല്ല.

✪✪✪

ഏഷ്യാ കപ്പ് ട്വന്റി 20 ക്രിക്കറ്റ് മത്സരങ്ങൾക്ക് അബുദാബിയിൽ ഇന്ന് തുടക്കമാവും. ഉദ്ഘാടന മത്സരത്തിൽ അഫ്ഗാനിസ്ഥാൻ ഹോങ്കോങ്ങിനെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിന് ഷെയ്ഖ് സയീദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ത്യയുൾപ്പെടെ എട്ടു ടീമുകളാണ് ടൂർണമെന്റിൽ മത്സരിക്കുന്നത്.

ഗ്രൂപ്പ് A-യിൽ നിലവിൽ ചാമ്പ്യനായ ഇന്ത്യ, പാക്കിസ്ഥാൻ, ഒമാൻ, UAE ടീമുകളും, B ഗ്രൂപ്പിൽ ശ്രീലങ്ക, ബംഗ്ലാദേശ്, അഫ്ഘാനിസ്ഥാൻ, ഹോങ്കോങ് ടീമുകളുമാണ്. സൂര്യകുമാർ യാദവ് നയിക്കുന്ന ഇന്ത്യൻ ടീമിന്റെ ആദ്യ മത്സരം ബുധനാഴ്ച UAE- യുമായാണ്.

✪✪✪

ഹോങ്കോങ് ഓപ്പൺ 2025 ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് തുടക്കമാകും. ഇന്ത്യൻ ടീമിനെ ഒളിമ്പിക് ജേതാവ് PV സിന്ധു നയിക്കും.

ലക്ഷ്യ സെൻ, H.S പ്രണോയ്, ആയുഷ് ഷെട്ടി, കിഡംബി ശ്രീകാന്ത്, സാത്വിക്സായിരാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി, ധ്രുവ് കപില, തനീഷ ക്രാസ്റ്റോ, രോഹൻ കപൂർ, റുത്വിക ഗഡ്ഡെ തുടങ്ങിയവർ ടൂർണമെന്റിൽ മത്സരിക്കുന്നുണ്ട്.

✪✪✪

ഓണക്കാലത്ത് മൂന്ന് കോടിയിലേറെ രൂപയുടെ ഉൽപന്നങ്ങൾ വിറ്റഴിച്ച് കണ്ണൂർ ജില്ലയിലെ കുടുംബശ്രീ യുണിറ്റുകൾ മികച്ച പ്രകടനം കാഴ്ചവെച്ചു.

കണ്ണൂരിൽ നിന്ന് KO.ശശിധരൻ....

..........വോയ്സ്.........

ഭക്ഷ്യോത്പന്നങ്ങളും പച്ചക്കറികളും, പൂക്കളും, വിറ്റഴിച്ചതിലൂടെ മൂന്ന് കോടി 12 ലക്ഷത്തിലേറെ രൂപയുടെ വരുമാനമാണു ജില്ലയിലെ കുടുംബശ്രീ നേടിയത് . .ജില്ലാ തലത്തിലും സി ഡി എസ് തലത്തിലും നടത്തിയ ഓണ ചന്തകൾ, ഓണശ്രീ വിപണന മേളകൾ, പൂക്കൾ വിതരണം ചെയ്ത നിറപ്പൊലിമ, കാർഷിക ഉത്പന്നങ്ങൾ വിപണിയിൽ എത്തിച്ച ഓണക്കനി എന്നിവയിലൂടെ ആണ് കുടുംബശ്രീ ഇത്രയും വരുമാനം നേടിയത്.ജില്ലയിലെ 81 സി ഡിസുകളിലുമായി 162 വിപണന മേളകൾ ആണ് സംഘടിപ്പിച്ചത്. ആകെ 3334 സൂക്ഷ്മ സംരംഭകരും, 2003 ജെ എൽ ജി കളും ആണ് വിപണന മേളകളിൽ പങ്കാളികളായത്.

✪✪✪

എലത്തൂർ നിയോജക മണ്ഡലത്തിൽ അടുത്തമാസം നാലിന് മന്ത്രി AK ശശീന്ദ്രന്റെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്ത് സംഘടിപ്പിക്കും. ഈ മാസം 20 വരെ പരാതികൾ നൽകാം. അക്ഷയകേന്ദ്രങ്ങൾ, e-ഡിസ്ട്രിക്ട് പോർട്ടൽ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ വഴി സമർപ്പിക്കാം.

✪✪✪

സംസ്ഥാനത്ത് കാലവർഷം വരും ദിവസങ്ങളിൽ വീണ്ടും സജീവമാകുമെന്ന് കാലാവസ്ഥാ കേന്ദ്രങ്ങൾ അറിയിച്ചു. ഇന്ന് ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തീരമേഖലയിൽ മീൻപിടുത്തക്കാർക്ക് പ്രത്യേക മുന്നറിയിപ്പൊന്നുമില്ല.

✪✪✪

നന്മ കോഴിക്കോട് ജില്ല കമ്മറ്റി ഏർപ്പെടുത്തിയ അഞ്ചാമത് KS കോയ പുരസ്കാരം ഓട്ടൻതുള്ളൽ കലാകാരൻ മുചുകുന്ന് പത്മനാഭന് സമ്മാനിച്ചു. പതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. നന്മ സംസ്ഥാന പ്രസിഡന്റ് വിൽസൻ സാമുവലാണ് പുരസ്കാരം സമ്മാനിച്ചത്.

✪✪✪

പെരിന്തൽമണ്ണ- നിലമ്പൂർ റോഡിലെ പട്ടിക്കാട് റെയിൽവെ ലെവൽക്രോസ് ഇന്ന് രാവിലെ എട്ടുമുതൽ നാളെ രാത്രി പത്തുവരെ അടച്ചിടുമെന്ന് റെയിൽവെ അറിയിച്ചു. ട്രാക്കിലെ അറ്റകുറ്റപണികളെ തുടർന്നാണിത്. വാഹനങ്ങൾ വഴി തിരിച്ച് വിട്ടിട്ടുണ്ട്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader : അനിൽ ചന്ദ്രൻ*
*NRTs : ശരണ്യരാജൻ*
*DEO : സി കെ സുബോധ്*